# അമേരിക്ക –ജോർജ് മണ്ണിക്കരോട്ട്

പ്രസ്തുത നോവൽ കൂടാതെ ‘ജീവിതത്തിന്റെ കണ്ണീർ’ (അമേരിക്കയിലെ ആദ്യ മലയാളം നോവൽ), ‘അഗ്നിയുദ്ധം’, എന്നീ നോവലുകളും ‘മൗനനൊമ്പരം’ ‘അകലുന്ന ബന്ധങ്ങൾ’, എന്നീ കഥാസമാഹാരങ്ങളും ‘ബോധധാര’, ‘ഉറങ്ങുന്ന കേരളം’, ‘മാറ്റമില്ലാത്ത മലയാളികൾ’ എന്നീ ലേഖനസമാഹാരങ്ങളും ആത്യന്തം വളരെ ശ്രമകരമായ ‘അമേരിക്കയിലെ മലയാള സാഹിത്യ ചരിത്രം’ എന്ന ചരിത്രവും എഴുതി പുരസ്ക്കാരങ്ങളും പലതു നേടിയെങ്കിലും ‘നിറകുടം തുളുമ്പുകയില്ല’ എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം ശ്രീ മണ്ണിക്കരോട്ട് തന്റെ സാഹിത്യസപര്യ നിശ്ശബ്ദം തുടർന്നുപോരുന്നു.

‘അമേരിക്ക’ കുടിയേറ്റ മലയാളികളുടെ ആദികാല അതിജീവനത്തിന്റെ പരിച്ഛേദമെന്നു കരുതാം. ഉറ്റവരും ഉടയവുമില്ലാതെ തേനും പാലും ഒഴുകുന്ന പറുദീസ എന്ന കേട്ടുകേഴ്വിയുടെ അടിസ്ഥാനത്തിൽ തികച്ചും അപരിചിതമായ ഒരു ദേശത്ത്, തങ്ങളുടെ സ്വപ്നസാക്ഷാത്ക്കാരത്തിനണയുന്ന ഒരുപറ്റം മലയാളികളുടെ ജയപരാജയങ്ങളുടെ ജീവിതം. അതിന്റെ തനിമയിൽ സഹജമായ ലാളിത്യത്തിന്റെ സൗന്ദര്യവും ജീവൽഭാഷയുടെ ഓജസോടുംകൂടി മനോഹരമായി ഈ കൃതിയിൽ ചിത്രണം ചെയ്തിരിക്കുന്നു.

കഥാപാത്രങ്ങൾ കാല്പനികം എന്ന മുൻകൂർ ജാമ്യം ഉണ്ടെന്നിരിക്കിലും നമുക്കുചുറ്റും നമ്മുടെ സമൂഹത്തിൽ ജീവിക്കുന്നവരാണ് എന്ന യാഥാർത്ഥ്യം അമേരിക്ക എന്ന കൃതി നമ്മെ ബോധ്യപ്പെടുത്തുന്നുണ്ടെന്ന് ഇതിലൂടെ സൊര്യസഞ്ചാരം ചെയ്യുന്ന ഏതൊരാൾക്കും ബോധ്യപ്പെടും.

ഇത്തരമൊരു ഹ്രസ്വലേഖനത്തിൽ നോവലിന്റെ ഒരു ദിങ്മാത്രദർശനം മാത്രമേ സാധ്യമാകു എന്നു പറയേണ്ടതില്ലെല്ലോ. ഇതിന്റെ വായനയിൽ ഞാൻ രൂപപ്പെടുത്തിയ ഒരഭിപ്രായം രേഖപ്പെടുത്തുകയാണ് എന്റ ലക്ഷ്യം.

ഉറ്റവരും ഉടയവരും ഇല്ലാത്ത ഒരു ദേശത്ത്, ഏകയായി, ഭാഷപോലും വേണ്ടത്ര വശമില്ലാതെ എയർ ഇന്ത്യയുടെ ‘രാജേന്ദ്രചോളനി’ൽ അമ്മിണി എത്തുന്നു. വിമാനത്തിലെ കന്നിയാത്ര. ദില്ലിയിലെ ഏജന്റ് പീറ്റർ തരപ്പെടുത്തിയതാണ്. എയർപോർട്ടിൽ അമേരിക്കയിലെ ഏജന്റ് പോൾ പനവേലി ഉണ്ടാകുമെന്ന ഉറപ്പിൽ വിശ്വസിച്ചുള്ള വരവ്. ഒപ്പം നേരത്തേ എത്തിയ റോസിയും ലില്ലിക്കുട്ടിയും  കാണുമെന്ന കണക്കുകൂട്ടലും തെറ്റി. പക്ഷേ വന്നത് പനവേലി മാത്രം. അവർ വരാത്തതെന്തെന്ന ചോദ്യത്തിന് “എന്തിന് എനിക്കു കൂട്ടിനോ?” എന്ന അയാളുടെ ഹാസ്യ-പുച്ഛ ഭാവങ്ങൾ സ്ഫുരിക്കുന്ന ചോദ്യവും. അവർ കാറിൽ കയറി നിശ്ശബ്ദം യാത്രചെയ്തു. അപ്പാർട്ടുമെന്റെ അടുക്കറായപ്പോൾ പോൾ വാചാലനായി. വഴിയിൽ ഡ്രഗ്സ് അടിച്ച് അലഞ്ഞുതിരിയുന്നവരുടെ ജീവിതരീതിയും സെക്സിനെക്കുറിച്ചും ബ്ലുഫിലിമിനെക്കുറിച്ചുമൊക്കെയുള്ള വിശദീകരണംകേട്ട് അവൾ ചൂളിക്കൂനി അയാളുടെ ഇംപാലയുടെ കോണിൽ ഒതുങ്ങി. ഒടുവിൽ എത്തിയത് പോളിന്റെ ഏകാന്ത വിശാലമായ അപ്പാർട്ടുമെന്റിൽ...!

അമേരിക്കയുടെ നാലാം അധ്യായം തന്റെ കയ്ക്കലകപ്പെടുന്ന സ്ത്രീകളെ ഇഷ്ടപ്പടി അനുഭവിക്കുന്ന പനവേലിയുടെ തോൽവിയുടെ കഥയാണ്. സ്ത്രീകളെ അബലയെന്നും ചപലയെന്നും പുരുഷന്മാർ വിശേഷിപ്പിക്കാറുണ്ടല്ലോ. എന്നാൽ മനക്കരുത്തുള്ള സ്ത്രീ ശക്തിസ്വരൂപിണിയാണെന്നും, പനവേലിയെപ്പോലുള്ള വിടന്മാരെ കൊമ്പുകുത്തിക്കാൻ കഴിയുമെന്നും അമ്മിണി തെളിയിക്കുന്നതാണ് ഏറെ രസം!

പോൾ പനവേലിയുടെ അഭ്യാസങ്ങളൊന്നും സുന്ദരിയും സുശീലയുമായ അമ്മിണിയുടെ മുമ്പിൽ ഏറ്റില്ല. അവൾ ഈറ്റപ്പുലിയെപ്പോലെ എതിർത്തു. ജനാലയിലൂടെ ചാടിച്ചാകുമെന്ന ഭീഷണി മുഴക്കി. പരാജിതനായ ആ ലമ്പടൻ ഗത്യന്തരമില്ലാതെ അമ്മിണിയെ അവളുടെ അപ്പാർട്ടുമെന്റിൽ എത്തിച്ചശേഷം ആ ലമ്പടന്റെ സമസ്ത ഇംഗിതത്തിനും വഴങ്ങാൻ സർവ്വദാ സന്നദ്ധയായ മോനി അയാളോടൊപ്പം അരയന്നപ്പിടപോലെ  ഒരുങ്ങിയിറങ്ങിക്കഴിഞ്ഞു.

പിറ്റേദിവസം മുതൽ അമ്മിണി കൂട്ടുകാരികളായ റോസി, ലില്ലിക്കുട്ടി ആദിയായ കൂട്ടുകാരികളുമൊത്തു ജോലി അന്വേഷിച്ച് ഇറങ്ങിത്തിരിച്ച് സ്വയം ജോലി കണ്ടെത്തി. പോൾ പനവേലിയെന്ന ഇത്തിൾക്കണ്ണിയുടെ പിടിയിൽനിന്നു രക്ഷനേടിയെങ്കിലും ഇക്കരയെത്തിച്ചതിന്റെ കണക്കും കൊള്ളക്കണക്കും പറഞ്ഞ് അവരെ പിഴിയുന്നതിൽ ആനന്ദം കണ്ടെത്തുതന്നു. ഇവർ ഒരു കണക്കിനു രക്ഷപെട്ടെങ്കിലും പുതിയവർ കൂട്ടത്തോടെ എത്തിക്കൊണ്ടിരുന്നതിനാൽ പനവേലി പനപോലെ വളരുകയും ഒടുവിൽ ചുവടോടെ നിലംപതിക്കുകയും ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. ‘വിതച്ചുതു കൊയ്യു’മെന്ന

രണ്ടു പദങ്ങളിൽ മഹാസമുദ്രം ചിമിഴിൽ ഒതുക്കുന്ന ചെപ്പടിവിദ്യ ബൈബിളിൽ കാണാമെങ്കിൽ അമേരിക്ക എന്ന കൃതിയിൽ മണ്ണിക്കരോട്ട് ഈ മഹാസത്യം തന്റെ രണ്ടു കഥാപാത്രങ്ങളിലൂടെ തെളിയിക്കുന്നു.

കാര്യം കാണാൻ ഏതറ്റംവരെ പോകാനും യൗവ്വനത്തിന്റെ മലവെള്ളപ്പാച്ചിലിലേക്ക് യാതൊരു വിവേകവുമില്ലാതെ എടുത്തുചാടിയ മോനിയുടെ ദുരന്തം ഒരൊന്നാന്തരം സമാനപാഠമാണ് (അധ്യായം 28 & 30)

അതുപോലെതന്നെ ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ട മറ്റൊരു കാര്യം, സ്ത്രീക്ക് മഹിള, വനിത ഇത്യാദി പല ബഹുമാനസൂചിത വിശേഷണപദങ്ങളുണ്ടെങ്കിലും ആ നില വിട്ടാൽ പിന്നെ അവളുടെ വിശേഷണം കുടിലയെന്നാകുമെന്ന് പറയേണ്ടതില്ലെല്ലോ. അതിന്റെ ദുഷ്പരിണാമമാണ് വിവാഹിതരെങ്കിലും ഒരു കൂരയ്ക്കു കീഴിൽ ധ്രുവങ്ങളുടെ അകലം പാലിക്കുന്ന മേനി–തങ്കച്ചൻ ബന്ധം. അത് ഒരു ഉദാഹരണം മാത്രം (അ. 21). മാതൃകാദാമ്പത്യവും ഗ്രന്ഥകാരൻ കാട്ടിത്തരുന്നുണ്ട്. ഉദാഹരണം ആന്റണി – അമ്മിണി ബന്ധം.

രണ്ടാം തലമുറയുടെ താന്തോന്നിത്തങ്ങളും മാതാപിതാക്കൾക്കു കല്പിക്കുന്ന പുല്ലുവിലയും ഫിലിപ് – റോസി കുടുംബത്തിലൂടെ വരച്ചുകാട്ടുന്നു (അ. 32,33).

വായക്കാരുടെ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കാൻവേണ്ടി ഒരു ഉദാഹരണം മാത്രം ഉതാ:

നഴ്സ് റോസിയുടെ ഭർത്താവ് ഫിലിപ്. അവരുടെ മകൻ ലിജുമോൻ. മകൾ ലിജിമോൾ. രണ്ടുപേരും ഏക്കും ചൊല്ലുമില്ലാത്ത താന്തോന്നികൾ. മകൾ ബോയ് ഫ്രണ്ടിന്റെകൂടെ കറക്കം കഴിഞ്ഞു വരുമ്പോൾ ഒരുസമയമാകും. എവിടെയായിരുന്നു ഇതുവരെ എന്നു ചോദിച്ചാൽ ധിക്കാരത്തോടെ മറുപടി– ബോയ് ഫ്രണ്ടിന്റെകൂടെ. തുടർന്നുള്ള വഴക്കും വക്കാണവും നേരിട്ടറിയുക (പേജ് 184)

ഒരുനാൾ ഫിലിപ് മകനുമായുണ്ടായ് വക്പയറ്റ് ഇങ്ങനെ:

ഫിലിപ് മകന്റെ വാതിൽ തള്ളിത്തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച – മുറിയാകെ പുക. അരണ്ട വെളിച്ചത്തിൽ മകൻ ലിജുമോൻ കസേരയിലിരുന്ന് ആടുന്നു – “എന്താടാ ഇവിടെ?” അപ്പന്റെ അലർച്ച. മകന് കൂസലേതുമില്ല. “കണ്ടില്ലിയോ?” നിസ്സാരമട്ടിൽ തെല്ലു ഹാസ്യച്ചുവയുള്ള മറുചോദ്യം. പാട്ടിന്റെ താളത്തിനൊത്തുള്ള കുലുങ്ങിയാട്ടം. അപ്പനോടു മര്യാദയില്ലാതെ സംസാരിക്കുന്നതിന് അമ്മ റോസിയുടെ വക ശാസന. “എടാ, ഡാഡിയോട് അങ്ങനെയൊന്നും പറയാതെടാ.”

“ആദ്യം ഡാഡി മര്യാദ എന്താണെന്ന് പഠിക്കട്ടെ. കതകിൽ മുട്ടാതെ മുറിയിൽ എന്തിനു കടന്നുവന്നു?”

അതതൊന്നും ശ്രദ്ധിക്കാതെ അപ്പൻ:

“നീ കുടിക്കാനും തുടങ്ങി അല്ലേടാ?”

“യാ കണ്ടില്ലിയോ?” നിസ്സാര ഭാവത്തിൽ മറുപടി.

“എവിടുന്നാടാ ഈ കുപ്പി?”

“ഇന്നലെ ഡാഡി വാങ്ങിച്ചുവച്ചിരുന്നത്.”

“നിന്നെയൊക്കെ ഞാൻ ശരിയാക്കുന്നുണ്ടെടാ.” ഫിലിപ് അലറി.

പക്ഷേ മകൻ തുടർന്നു: “... ഇവിടെ കുറെ അങ്കിളുമാരുണ്ട്. ... സംസ്ക്കാരമില്ല. സംസാരിക്കാനറിയത്തില്ല. ആരെങ്കിലും എന്തെങ്കിലും വിഡ്ഢിത്തം ഇറക്കിവിടും. പിന്നെ വാദപ്രതിവാദമായി. ഓരോരുത്തരും മറ്റവെരെക്കാൾ വലിയവരെന്ന ഭാവത്തിലാണ് വിഡ്ഢിത്തങ്ങൾ പുലമ്പുന്നതും കാട്ടിക്കൂട്ടുന്നതും. ഡാഡിയും അതിലൊരാളാ”

അതിനുശേഷം ഇങ്ങനെയൊരു താക്കീതും. :

“ഇവരൊക്കെ അമേരിക്കയിലെ നല്ല സംസ്ക്കാരം ആദ്യം പഠിക്കട്ടെ. മമ്മീം ഡാഡീം കൂടുതലൊന്നും എന്നെ പഠിപ്പിക്കേണ്ട.”

അപ്പന്റെ വായടഞ്ഞുപോയി. ഫണം താണു. കുനിഞ്ഞ ശിരസിനെ ഇടതുകരംകൊണ്ട് താങ്ങി നിറുത്തി. ..

സ്നേഹമയിയായ ഭാര്യ ഭർത്താവിനെ ആശ്വസിപ്പിച്ചു.

“ആരൊക്കെ നിങ്ങളോടെതിർത്താലും ഉപേക്ഷിച്ചാലും ഞാൻ എന്നും നിങ്ങളോടുകൂടെ കാണും.”

അവൾ സ്നേഹത്തോടെ ഭർത്താവനെ തഴുകി ആശ്വസിപ്പിച്ചു. പശ്ചാത്താപവിവശനായി അയാൾ ഭാര്യയെ ആശ്ലേഷിച്ചു.

മുപ്പത്തിമൂന്നാം അധ്യായത്തോടെ അമേരിക്ക എന്ന കൃതിയുടെ ശുഭപര്യാവസാനമാണ്. ആന്റണിയും അമ്മിണിയും മക്കളും നാട്ടിലേക്കുള്ള മടക്കയാത്രയ്ക്കൊരുങ്ങി എയർപോർട്ടിൽ എത്തി. അവരെ

യാത്രയയ്ക്കാൻ സ്നേഹിതൻ മധുസുദനൻ പിള്ളയും ഒപ്പം ഉണ്ടായിരുന്നു. ഒരു പേക്കോലത്തെ ചൂണ്ടിക്കാട്ടി പിള്ള ചോദിച്ചു–

"ആ കക്ഷിയെ അറിയാമോ?"

"ഇല്ലല്ലോ"

"അതാണ് പോൾ പനവേലി."

ഉത്തരം കേട്ട് അമ്മിണി ഞെട്ടി. തന്നെ കൂട്ടക്കൊണ്ടുപോകാൻ വന്ന ആ സുഭഗനം ഗർവ്വിഷ്ഠനുമായ പോളിന്റെ പ്രേതമാണെന്നുപോലും തിരിച്ചറിയാത്തത്ര ആൾ മാറിപ്പോയി. നാട്ടിലേക്കു മടങ്ങാനുള്ള വരവാണ്. താടി നീട്ടിവളർത്തി, മുഷിഞ്ഞ വേഷത്തിൽ ഒരു കുചേലൻ. ആശ്രിതരായി എത്തിയവരോടു കാണിച്ച ക്രൂരതയ്ക്ക് നിയതി നൽകിയ ശിക്ഷ!

"അവശ്യമേവ ഭോക്തവ്യം
കൃതം കർമ്മ ശുഭാശുഭം"

പ്രവൃത്തിഫലം നല്ലതോ തിയതോ അനുഭവിച്ചുതന്നെ ആകണം.

ഏതു കാട്ടിലോ, കടലിടുക്കിലോ, സമുദ്രത്തിന്റെ അഗാധതയിലോ പോയി ഒളിച്ചാലും കർമ്മഫലം അനുഭവിക്കാതെ രക്ഷയില്ല എന്ന് ഈ കൃതിയിലെ ഓരെ കഥാപാത്രങ്ങളും മൗനഭാഷയിൽ വിളംബരം ചെയ്യുന്നു.

ഈ കൃതി പൂർണ്ണമായും കുറ്റമറ്റതാണെന്നു പറയുക വയ്യ. സൃഷ്ടികളിൽ പൂർണ്ണത അവകാശപ്പെടാവുന്ന ഒന്നുമില്ലല്ലോ.

"എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
കമലാസൻ ഹന്ത രചിച്ചതില്ല." എന്നു പ്രമാണം.

അപ്പോൾ അപൂർണ്ണനായ മനുഷ്യന്റെ എല്ലാ കാര്യങ്ങളിലും എന്തെങ്കിലുമൊക്കെ ന്യൂനത കണ്ടെന്നിരിക്കും.

ആകയാൽ കൃതിയിൽ അങ്ങിങ്ങായി കാണുന്ന പദവൈകല്യങ്ങളോ വാചകഘടനയിൽ കാണുന്ന നിസ്സാര പിശകോ കാര്യമാക്കേണ്ടതില്ല. അതിനു ഞാൻ കാണുന്ന ന്യായം:

"ഏകോഹി ദോഷഃ ഗുണസന്നിപാതേ നമജ്ജതി എന്നാണ്."

കൃതിയിൽനിന്ന് കൃതികാരനിലേക്ക് നമ്മുടെ ശ്രദ്ധതിരിയുക സ്വാഭാവികം.

എനിക്കു പരിചയമുള്ള ശ്രീ. ജോർജ് മണ്ണിക്കരോട്ട് സഹിതീഭക്തനാണ്. അതിനാൽതന്നെ വിനയാന്വിതനും മനുഷ്യസ്നേഹിയും. 'അമ്പട ഞാനേ' ഭാവവും ലവലേശമില്ല.

രണ്ടുതരം എഴുത്തുകാരുണ്ട്. ഒന്ന് 'സ്വാന്തസുഖായ' അടുത്തത് 'ലോകസുഖായ' എന്ന ലക്ഷ്യത്തോടെ തൂലിക ചലിപ്പിക്കുന്നവർ. ഒന്നാമത്തെ കൂട്ടർ സ്വന്തം സുഖത്തിനായി എഴുതുന്നവരും രണ്ടാമത്തെ കൂട്ടർ ലോക നന്മ ലക്ഷ്യമാക്കി എഴുതുന്നവരും. മണ്ണിക്കരോട്ട് രണ്ടാമത്തെ കൂട്ടരിൽ മുൻനിരയിലുണ്ട്.

സരസ്വതീദേവിയുടെ ഈ സുപുത്രൻ അനുഭവത്തിന്റെ ശൃംഗത്തിൽനിന്നുകൊണ്ടു ജീവിതത്തെ സൂക്ഷ്മനിരീക്ഷണം നടത്തിയതിന്റെ പക്വഫലമാണ് അമേരിക്ക എന്ന കൃതി എന്നു സംശയലേശമന്യേ പറയാം. ഈ കൃതിയ്ക്ക് വിശാല കൈരളി പുരസ്ക്കാരം, കോഴിക്കോട് ഭാഷാസമന്വയവേദി പുരസ്ക്കാരം മുതലായ അംഗീകാരങ്ങൾ കേരളത്തിൽനിന്ന് ലഭിച്ചിട്ടുണ്ട് ('അമേരിക്ക'യുടെ കോപ്പികൾ പ്രഭാത് ബുക്ക് ഹൗസിൽനിന്ന് ലഭ്യമാണ്).

ഇനിയും ഇതുപോലെയുള്ള നല്ല കൃതികൾ രചിക്കാൻ ഈ ഗ്രന്ഥകാരനു കഴിയട്ടെ എന്നാശംസിക്കുകയും അതിനായി സർവ്വേശ്വരന്റെ മുമ്പിൽ നൈവേദ്യങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നു.

**ഡോ. എൻ.പി. ഷീല**

**Dr. N.P. Sheela, AMC lX/72**
**Anthraper Gardens, Aluva 683101, EKM**